LIBRARY ARCHIVES Kerala Legislative Assembly

പിൻവലിച്ച വിജിലൻസ് കേസ്സുകൾ

159 (1901) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഏതൊക്കെ നമ്പറുകളിലുള്ള ഏതൊക്കെ സ്വഭാവമുള്ള വിജിലൻസ് കേസുകളാണ് പിൻവലിച്ചതെന്ന് വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പിൻവലിച്ച 4 വിജിലൻസ് കേസ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

റോഡപകടങ്ങൾ

160 (1902) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. വി. ശശി :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റോഡപകട നിവാരണം ലക്ഷ്യമിട്ട് പോലീസ്,പൊതുമരാമത്ത്, മോട്ടോർ വാഹനം, ആരോഗ്യം തുടങ്ങിയ വകുപ്പുകൾ ഏകോപിപ്പിച്ച് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

റോഡപകട നിവാരണം ലക്ഷ്യമിട്ട് പോലീസ്, പൊതുമരാമത്ത്, മോട്ടോർ വാഹനം, ആരോഗ്യം, മറ്റ് വകുപ്പുകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനത്തിലെ റോഡ് സുരക്ഷയ്ക്കായി റോഡ് സേഫ്റ്റി അതോറിറ്റിക് രൂപം കൊടുത്തിട്ടുണ്ട്. ടി വകുപ്പുകളും റോഡ് സേഫ്റ്റി അതോറിറ്റിയും സംയുക്തമായി വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ടി വകുപ്പുകൾ ഏകോപിപ്പിച്ച് 'ശുഭയാത്ര 2015' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഐ.ജി. ടി.ജെ. ജോസിനെതിരെയുള്ള അന്വേഷണം

161 (1903) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ജി. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനായ ടി. ജെ. ജോസിനെതിരെ എന്തെങ്കിലും അന്വേഷണം വകുപ്പുതലത്തിൽ നടത്തുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം വിഷയങ്ങളിലാണ് പ്രസ്തുത അന്വേഷണം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ അന്വേഷണത്തിലും എന്തെങ്കിലും കുറ്റങ്ങൾ പ്രസ്തുത വ്യക്തിയുടെ പേരിൽ കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ടിയാന്റെ പേരിൽ വകുപ്പുതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) എം.ജി. സർവ്വകലാശാലയുടെ എൽ.എൽ.എം. പരീക്ഷയിൽ തൃശ്ശൂർ റേഞ്ച് ഐ.ജി. ആയിരുന്ന ശ്രീ. ടി. ജെ. ജോസ്, ഐ.പി.എസ് കോപ്പിയടിച്ചതുമായി ബന്ധപ്പെട്ട് എം.ജി. സർവ്വകലാശാല സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി ഓൺ സ്റ്റുഡന്റ്സ് ഡിസിപ്ലിൻ, വെൽഫെയർ ആന്റ് ഗ്രിവൻസെസ് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 18-12-2015-ൽ ചേർന്ന യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് തീരുമാനിച്ച പ്രകാരം 6-1-2016-ലെ ഉത്തരവ് പ്രകാരം ശ്രീ. ടി. ജെ. ജോസ് ഐ.പി.എസ്. ഏപ്രിൽ/മേയ് 2015-ൽ എഴുതിയ എല്ലാ പരീക്ഷകളും (LLM) ടിയാനെ സംബന്ധിച്ചിടത്തോളം റദ്ദ് ചെയ്യുകയും മേയ് 2016 വരെ യൂണിവേഴ്സിറ്റി നടത്തുന്ന എല്ലാ പരീക്ഷയിൽ നിന്നും ടിയാനെ വിലക്കുകയും (Debar) ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ക്രൈം ബ്രാഞ്ച് അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും ശ്രീ. ടി. ജെ. ജോസിനെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സി.ബി.ഐ.-ക്ക് വിട്ട കേസുകൾ

162 (1904) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര കേസുകൾ സി.ബി.ഐ.ക്ക് വിട്ടിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ സർക്കാർ നേരിട്ട് വിട്ട കേസുകളും കോടതി നിർദ്ദേശത്തെ തുടർന്ന് വിട്ട കേസുകളും എത്രയെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly